'ഭരണഭാഷ - മാതൃഭാഷ'

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമവികസന കമ്മീഷണറേറ്റിലെ ഹെഡ് അക്കൗണ്ടന്റും, നിലവിൽ മലപ്പുറം ഡബ്ള്യു.സി.ഡി.സി മലപ്പുറം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ അക്കൗണ്ടന്റായ ശ്രീ. ഹരീഷ് കുമാർ കെ. എൻ. (പെൻ നം. 203241 ജനനതീയതി 19.05.1971) ന് പലിശ രഹിത വായ്പ അനുവദിച്ചു കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 1606/2019/തസ്വഭവ. തിരുവനന്തപുരം, തീയതി, 27.07.2019.

പരാമർശം:- 1) 18.02.1997- ലെ സ.ഉ.(പി) നം. 45/97/ആ.കു.വ. ഉത്തരവ്.
2) 02.11.2000 - ലെ സ.ഉ.(പി) നം. 285/2000/ആ.കു.വ. ഉത്തരവ്.
3) 20.11.2001 - ലെ സ.ഉ.(പി) നം. 298/2001/ആ.കു.വ. ഉത്തരവ്.
4) ശ്രീ. ഹരീഷ് കുമാർ കെ എൻ സമർപ്പിച്ച 29.05.2019 - ലെ അപേക്ഷ.
5) ഗ്രാമവികസന കമ്മീഷണറുടെ 20.06.2019 - ലെ 8229/2019/എസ്റ്റാ.സി1/ സി.ആർ.ഡി നമ്പർ കത്ത്.

### ഉത്തരവ്

ഗ്രാമവികസന കമ്മീഷണറേറ്റിലെ ഹെഡ് അക്കൗണ്ടന്റും, നിലവിൽ ഡബ്ള്യു.സി.ഡി.സി മലപ്പുറം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ അക്കൗണ്ടന്റായ ശ്രീ ഹരീഷ് കുമാർ കെ. എൻ - ന്റെ ഭാര്യ ശ്രീമതി. ദീപാ രാജ എ. സി.-ക്ക് കോഴിക്കോട് എം. വി.ആർ ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ചികിത്സക്കായി 10,00,000/- (പത്ത് ലക്ഷം രൂപ) രൂപ പലിശ രഹിത വായ്പയായി അനുവദിക്കുന്നതു സംബന്ധിച്ച് പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ ശുപാർശ ചെയ്ത് പരാമർശം (5) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചു.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമവികസന കമ്മീഷണറേറ്റിലെ ഹെഡ് അക്കൗണ്ടന്റും, നിലവിൽ ഡബ്ള്യു.സി.ഡി.സി മലപ്പുറം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ അക്കൗണ്ടന്റായ ശ്രീ. ഹരീഷ് കുമാർ കെ. എൻ. ന്റെ ഭാര്യ ശ്രീമതി. ദീപാ രാജ എ. സി.-ക്ക് കോഴിക്കോട് എം. വി.ആർ ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ചികിത്സക്കായി 10,00,000/- (പത്ത് ലക്ഷം രൂപ) രൂപ പലിശ രഹിത മെഡിക്കൽ വായ്പ അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് **"7610-00-800-95(02)"** എന്ന ശീർഷകത്തിൽ നിന്നും കുറവ് വരുത്തേണ്ടതാണ്. ഇപ്രകാരം അനുവദിച്ച 10,00,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ ശ്രീ ഹരീഷ് കുമാർ. കെ. എൻ സമർപ്പിക്കേണ്ട മെഡിക്കൽ റീ -ഇംബേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട

മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്താസർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. പലിശ രഹിത ചികിത്സാ വായ്പ ധന വകുപ്പിന്റെ അനുമതിയോടെ 6 മാസത്തിനകം ക്രമപ്പെടുത്തേണ്ടതും അല്ലാത്ത പക്ഷം 12% നിരക്കിൽ പിഴപ്പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്. പ്രസ്തുത പലിശ രഹിത ചികിത്സാ വായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ച് പിടിക്കുന്നതാണ്. കൂടാതെ വായ്പക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുമ്പായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജയശ്രീ.എൽ ,
അണ്ടർ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ശ്രീ. ഹരീഷ് കുമാർ. കെ. എൻ., ഹെഡ് അക്കൗണ്ടന്റ്, ഗ്രാമവികസന വകുപ്പ് (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ് എസ് എ /ഇ ആന്റ് ആർ എസ് എ/),
കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ , നിലമ്പൂർ.
ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ നിലമ്പൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (15.07.2019 ലെ 1246469/എൽ3/396/2019/ധന നമ്പർ
അനൗദ്യോഗിക കുറിപ്പ് പ്രകാരം
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് (05.07.2019 ലെ ജി2/1146/2019/ആ.കു.വ
നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെ ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.